LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ സംഘട്ടനങ്ങൾ

112 (113) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളിൽ സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും ബി.ജെ.പി., ആർ.എസ്.എസ്. അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഈ കാലത്ത് സി.പി.ഐ.(എം.) അംഗങ്ങളും അനുഭാവികളും ചേർന്ന് കോൺഗ്രസ് അംഗങ്ങളോടോ അനുഭാവികളോടോ നടത്തിയ സംഘട്ടനങ്ങളെത്ര ;

(സി) ഈ കാലയളവിൽ സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് അംഗങ്ങളോ അനുഭാവികളോ മറു വശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(ഡി) ഈ കാലത്ത് സി.പി.ഐ. (എം) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും സി.പി.എം. അംഗങ്ങളോ അനുഭാവികളോ മറു വശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(ഇ) ഈ കാലത്ത് സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും മുകളിൽ പരാമർശിച്ചിട്ടുള്ള മറ്റു രാഷ്ട്രീയ പാർട്ടി അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(എഫ്) ഈ കാലത്ത് സി.പി.ഐ.(എം.) അനുഭാവ - വിദ്യാർത്ഥി സംഘടനകൾ ഒരുവശത്തും മറ്റു വിദ്യാർത്ഥി സംഘടനകൾ മറുവശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

രാഷ്ട്രീയ സംഘട്ടനങ്ങൾ

113 (114) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ എത്ര കൊലപാതകങ്ങളുടെയും എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ടെന്നും എത്ര നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഘട്ടനങ്ങളിൽ മരിച്ചവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടി പ്രവർകത്തകരായിരുന്നു എന്ന് വ്യക്തമാക്കാമോ ;